Draft #1 of File 51031/EA2 SO/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 13-Oct-2020 04:14 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

കോവിഡ് 19 സാഹചര്യത്തിൽ വിവിധ സെമസ്റ്ററുകളിലെ UG/ PG പരീക്ഷകൾ - ലക്ഷദ്വീപിലെ വിദ്യാർഥികൾക്ക് സർവകലാശാലയുടെ പരീക്ഷകൾ കവരത്തിയിൽ വച്ച് നടത്തുന്നത് സംബന്ധിച്ച് - വൈസ് ചാൻസലർ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 4698/EA 2/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 13.10.2020

---

*പരാമർശം:*-1. 05.10.2020 തീയതിയിൽ സെൻറ്റ് പീറ്റേഴ്സ് കോലഞ്ചേരി കോളേജിൽ നിന്നും ഇ മെയിൽ വഴി ലഭിച്ച , ബീബി ഫാത്തിമ സി.എച്ച് എന്ന വിദ്യാർഥിയുടെ അപേക്ഷ.

2. പരീക്ഷാകൺട്രോളറുടെ 12.10.2020 തീയതിയിലെ കുറിപ്പിന്മേലുള്ള വൈസ് ചാൻസലറുടെ ഉത്തരവ്.

**ഉത്തരവ്**

കോലഞ്ചേരി സെൻറ്റ് പീറ്റേഴ്സ് കോളേജിലെ B.Li.Sc. വിദ്യാർത്ഥിയും ലക്ഷദ്വീപ് നിവാസിയുമായ, ബീബി ഫാത്തിമ സി.എച്ച്, കോവിഡ് 19 വ്യാപന സാഹചര്യത്തിൽ, 2020 ഒക്ടോബർ 20, മുതൽ ആരംഭിക്കുവാനിരിക്കുന്ന B.Li.Sc. പരീക്ഷകൾക്ക് ലക്ഷദ്വീപിലെ കവരത്തിയിൽ പരീക്ഷ കേന്ദ്രം അനുവദിക്കണം എന്ന് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ലക്ഷദ്വീപ് നിവാസികളായ ഏതാനും മറ്റ് വിദ്യാർത്ഥികളും ഇതേ ആവശ്യം ഉന്നയിച്ചിരുന്നു. ഇതിന്മേൽ ലക്ഷദ്വീപ് വിദ്യാഭ്യാസ ഓഫീസർ അനുകൂല നിലപാട് അറിയിച്ച സാഹചര്യത്തിൽ ലക്ഷദ്വീപിലെ വിദ്യാർഥികൾക്ക് സർവകലാശാലയുടെ പരീക്ഷകൾ കവരത്തിയിൽ വച്ച് നടത്തുന്നത് പരിഗണിക്കുന്നതിനായി പരാമർശം (2) പ്രകാരം വൈസ് ചാൻസലർക്ക് കുറിപ്പ് സമർപ്പിച്ചിരുന്നു.

പ്രസ്തുത വിഷയം പരിഗണിച്ച് കോവിഡ് 19 സാഹചര്യത്തിൽ സ്വന്തം കോളേജിലേക്ക് എത്തിച്ചേരുവാൻ കഴിയാത്ത ലക്ഷദ്വീപിലെ വിദ്യാർഥികൾക്ക് സർവകലാശാലയുടെ ഇനി നടക്കാനുള്ള വിവിധ സെമസ്റ്റർ യു.ജി/പി.ജി പരീക്ഷകൾക്ക് കവരത്തിയിൽ പരീക്ഷാ കേന്ദ്രം അനുവദിച്ചുകൊണ്ട് വൈസ്ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകൃഷ്ണകുമാർ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1. എല്ലാ കോളേജ് പ്രിൻസിപ്പൽമാർ
2. Director of Education , കവരത്തി
3. വൈസ് ചാൻസലർ / പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ മാർ
5. HOD, Dept. of Library and Information Science, സെൻ്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി
6. എല്ലാ ജെ.ആർ /ഡി.ആർ / എ.ആർ (പരീക്ഷ)
7. സി.ഇ സെക്ഷൻ / എ.സി.സി I
8. എല്ലാ ടാബുലേഷൻ സെക്ഷനുകളും
9. ഐ.ക്യൂ.എ.സി / കൺഡക്റ്റ് മാനേജ്മെൻറ് സെക്ഷൻ
10. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഫയൽ നം. 51031/EA 2 SO/2020/EA2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 51031/EA2 SO/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 13-Oct-2020 04:14 PM - Page 2